കാലിക്കറ്റ് സർവകലാശാല

നമ്പർ. 134348/DOA-ASST-1/2021/Admn തീയതി: 02.09.2021

## സർക്കുലർ

വിഷയം:- 2021-22 അധ്യായന വർഷത്തെ ബിരുദ കോഴ്സുകളുടെ ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട്.

സൂചന :- 85484/DOA-ASST-1/2021/Admn നമ്പർ ഫയലിൽ 01-09-2021 തിയതിയിൽ വൈസ് ചാൻസലർ നൽകിയ ഉത്തരവ്

### യു ജി ക്യാപ്പ് -2021/സർക്കുലർ - 4

1. മേൽ സൂചന പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച 2021-2022 അധ്യയന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിന്റെ ഒന്ന് , രണ്ട് അലോട്ട്മെന്റുകളുടെ പുതുക്കിയ ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

| Sl.No | Activity | Date & Time |
|---|---|---|
| 1. | First Allotment | 06.09.2021 |
| 2. | Mandatory Fee Payment to confirm the allotment | 06.09.2021 – 09.09.2021 5PM |
| 3. | Second Allotment | 13.09.2021 |
| 4. | Mandatory Fee Payment, Temporary and Permanent admission at the College by all the candidates received allotment up to the Second allotment. | 13.09.2021- 17.09.2021 5PM |

2. ഒന്നാം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ബന്ധപ്പെടുന്ന പക്ഷം 09.09.2021, 5 PM-നുള്ളിൽ മാൻഡേറ്ററി ഫീ അടയ്ക്കുന്നതിന് നിർദ്ദേശിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുകയും മാൻഡേറ്ററി ഫീ അടയ്ക്കാതിരിക്കുകയും ചെയ്യുന്നവരെ തുടർന്നുള്ള അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുന്നതല്ല.

- ഫീസ് ഘടന : SC/ST/ OEC-SC/OEC-ST/OBC COMMUNITIES ELIGIBLE FOR EDUCATIONAL CONCESSIONS AS IS GIVEN TO OEC വിദ്യാർത്ഥികൾക്ക് 115/- രൂപയും മറ്റുള്ളവർക്ക് 480/- രൂപയുമാണ് . പ്രസ്തുത സംവരണ വിഭാഗങ്ങൾ ഏതെല്ലാമെന്ന് ബിരുദ പ്രവേശനത്തിന്റെ പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുണ്ട്. (APPENDIX II, III, IV & V).
- മാൻഡേറ്ററി ഫീ പേയ്മെന്റ് നടത്തിയ വിദ്യാർത്ഥികളോട് അവരവരുടെ ലോഗിനിൽ പേയ്മെന്റ് ഡീറ്റെയിൽസ് ഉണ്ടെന്ന് ഉറപ്പാക്കാൻ നിർദേശിക്കേണ്ടതാണ്

3. ലഭിച്ച ഓപ്ഷനിൽ തൃപ്തരായ വിദ്യാർത്ഥികളെ ഹയർ ഓപ്ഷനുകൾക്ക് പരിഗണിക്കേണ്ടതില്ലെങ്കിൽ നിർബന്ധമായും ഹയർ ഓപ്ഷൻ റദ്ദ് ചെയ്യുന്നതിന് നിർദ്ദേശിക്കേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം പ്രസ്തുത ഹയർ ഓപ്ഷനുകളിൽ ഏതെങ്കിലും ഒന്നിലേക്ക് തുടർന്ന് അലോട്ട്മെന്റ് ലഭിച്ചാൽ ആയത് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ഇതോടെ മുമ്പ് ലഭിച്ചിരുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ച് നൽകുന്നതുമല്ല.

- വിദ്യാർഥികൾ അവരവരുടെ Student Login - വഴിയാണ് ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടത് .
- ക്യാൻസൽ ചെയ്യുന്ന ഹയർ ഓപ്ഷനുകൾ ഒരു കാരണവശാലും പുനഃസ്ഥാപിച്ച് നൽകുന്നതല്ല.
- കോളേജ്, കോഴ്സ് പുനഃക്രമീകരിക്കാവുന്നതിനോ, പുതിയ കോളേജോ, കോഴ്സുകളോ, കൂട്ടിചേർക്കുന്നതിനോ ഈ അവസരത്തിൽ സാധിക്കുന്നതല്ല.

4. ഒന്നാം അല്ലോട്മെന്റിന് ശേഷം അഡ്മിഷൻ എൻട്രി വരുത്തുന്നതിനുള്ള സൗകര്യം കോളേജ് ലോഗിനിൽ ലഭ്യമായിരിക്കും. പ്രവേശന പ്രക്രിയയിലെ തിരക്കൊഴിവാക്കുന്നതിനായി ഒന്നാമത്തെ ഓപ്ഷനിലേക്ക അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്കും, ലഭിച്ച ഓപ്ഷനിൽ തൃപ്തരായി ഹയർ ഓപ്ഷൻ റദ്ദ് ചെയ്ത വിദ്യാർത്ഥികൾക്കും 09.09.2021, 4PM വരെ പ്രവേശനം നൽകുന്നതിനുള്ള സൗകര്യം കോളേജുകൾക്ക് ഒരുക്കാവുന്നതാണ്. എന്നാൽ രണ്ടാം അല്ലോട്മെന്റിന് ശേഷവും മേൽ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രവേശനമെടുക്കാൻ സൗകര്യമുണ്ടായിരിക്കും.

5. കോവിഡ് ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ വിദ്യാർഥികൾ ആവശ്യപ്പെടുന്ന പക്ഷം ഓൺലൈൻ റിപ്പോർട്ടിങ്ങിലൂടെ പ്രവേശനം നേടുന്നതിനുള്ള സൗകര്യം മുൻവർഷത്തെപ്പോലെ അതത് കോളേജുകൾ ഒരുക്കേണ്ടതാണ്. പ്രവേശന നടപടികളിൽ കോവിഡ് പ്രോട്ടോകോൾ നിർബന്ധമായും പാലിക്കുന്നുണ്ടെന്ന് അതത് കോളേജ് അധികൃതർ ഉറപ്പ് വരുത്തേണ്ടതാണ്.

6. ഓൺലൈൻ റിപ്പോർട്ടിങ്ങിലൂടെ പ്രവേശനം ആവശ്യപ്പെടുന്ന വിദ്യാർത്ഥികളുടെ പ്രവേശനത്തിന് അനിവാര്യമായ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കോളേജുകൾക്ക് അനുയോജ്യമായ മാർഗം (ഇമെയിൽ ഉൾപ്പെടെ ) സ്വീകരിക്കാവുന്നതാണ്. കൂടാതെ ഒറിജിനൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് യുക്തമാർഗ്ഗേന നിശ്ചിത തിയതിക്കുള്ളിൽ കോളേജിൽ ഹാജരാക്കാൻ നിർദേശിക്കേണ്ടതാണ്.

7. പ്രവേശനത്തിനായി ഓൺലൈൻ രീതിയിൽ റിപ്പോർട്ട് ചെയ്യുന്ന വിദ്യാർഥികൾക്ക് ഫീസ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ അവർ ബന്ധപ്പെടുന്ന മുറയ്ക്ക് കോളേജ് അധികൃതർ നൽകേണ്ടതാണ്.

8. ബിരുദ കോഴ്സുകളുടെ ഫീസ് റീഫണ്ടിന് ആധാരമാക്കേണ്ട അവസാന തിയതിയായി, ക്ലാസ് തുടങ്ങി 60-)o ദിവസമാണ് പരിഗണിക്കേണ്ടത് .

9.പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുള്ള Appendix VI (Annexure I) സർട്ടിഫിക്കറ്റോ, നാല് ലക്ഷമോ അതിൽ താഴേയോ വരുമാനം കാണിക്കുന്ന Appendix VII (Annexure II) സർട്ടിഫിക്കറ്റോ ഹാജരാക്കുന്നവർക്ക് മാത്രമേ EWS സംവരണത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

10. ഒന്നാമത്തെ ഓപ്ഷനിലേക്ക അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ, ലഭിച്ച ഓപ്ഷനിൽ തൃപ്തരായി ഹയർ ഓപ്ഷൻ റദ്ദ് ചെയ്ത വിദ്യാർത്ഥികൾ എന്നീ വിഭാഗം വിദ്യാർത്ഥികൾക്ക് മാത്രമേ ഈ ഘട്ടത്തിൽ അഡ്മിറ്റ് കാർഡ് ലഭിക്കുകയുള്ളൂ.

Abdul Rasheed .P.K
Assistant Registrar

സ്വീകർത്താവ്

1. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും പ്രിൻസിപ്പാൾമാർ / സർവക ലാശാലാ പഠനവകുപ്പ് / സെന്ററുകൾ
2. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട നോഡൽ ഓഫീസർമാർ